# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 567 07.01.2014-ലെ മറുപടിക്ക്

**<u>സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കുമോ; 2013 ഡിസംബർ 31 വരെയുള്ള പ്രാഥമിക കണക്കുകളനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര തുകയാണ് ; കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ചത് എത്ര തുകയായിരുന്നു ; ഈ വർഷവും കഴിഞ്ഞ വർഷവും ഇതേ കാലയളവിലെ റവന്യൂ ചെലവ് എത്രയായിരുന്നു; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2013 നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30154.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26933.40 കോടി രൂപയേക്കാൾ 11.96% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 32463.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 30290.58 കോടി രൂപയേക്കാൾ 7.17% കൂടുതലാണ്. 2013 നവംബർ 30 വരെയുള്ള മൂലധന ച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2736.31 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.11.2013 ൽ ട്രഷറി ബില്ലുകളിലായി 1629.10 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ല. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനായിട്ടില്ല. 30.11.2013 വരെയുള്ള കണക്കനുസരിച്ച് റവന്യൂ കമ്മി 2309 കോടി രൂപയും ധനക്കമ്മി 4976 കോടി രൂപയുമാണ്. ഇവ യഥാക്രമം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനവും 1.2 ശതമാനവുമാണ്. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനാകാത്തതുമൂലം സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്. |
| (ബി) | നടപ്പു സാമ്പത്തിക വർഷം ഇതുവരെ ഓവർ ഡ്രാഫ്റ്റ്, സ്പെഷ്യൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്, വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എന്നിവ എത്ര തവണ എടുക്കേണ്ടി വന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | നടപ്പു സാമ്പത്തിക വർഷം ഇതുവരെ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നിട്ടില്ല. 5.19 കോടി രൂപ സ്പെഷ്യൽ വെയ്സ് & മീൻസും, 113.74 കോടി രൂപ നോർമൽ വെയ്സ് & മീൻസും ചേർത്ത് ആകെ 118.93 കോടി രൂപ വെയ്സ് & മീൻസ് അഡ്വാൻസായി നടപ്പു സാമ്പത്തിക വർഷം ഒരു തവണ എടുക്കേണ്ടതായി വന്നിട്ടുണ്ട്. |
| (സി) | 2013 ഡിസംബർ 31 വരെ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ? | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.11.2013 വരെ അനുവദിക്കപ്പെട്ട ബഡ്ജറ്റ് വിഹിതത്തിന്റെ 50.23% ചെലവഴിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ